# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/165/2018 2018 ജൂലൈ 30

## പത്രക്കുറിപ്പ്

വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് 2018-19

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള ഈ അദ്ധ്യയനവർഷത്തെ (2018-19) വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം 03.08.2018-ന് അതാത് കോളേജുകളിൽ പ്രസിദ്ധീകരിക്കുകയും വോട്ടെടുപ്പും വോട്ടെണ്ണലും 16.08.2018- ന് നടത്തുന്നതുമാണ്. ഇത് സംബന്ധമായ അറിയിപ്പ് എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും ഇ-മെയിൽ ചെയ്തിട്ടുള്ളത് കൂടാതെ സർവ്വകലാശാലയുടെ വെബ് സൈറ്റിലും (www.mgu.ac.in) നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ കോളേജ് അധികാരികളും ആയവ ഡൗൺലോഡ് ചെയ്ത് അതിനാൽ നൽകപ്പെട്ട നിർദ്ദേശാനുസരണം കോളേജ് യൂണിയൻ 2018-19 തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളണമെന്ന് അറിയിക്കുന്നു. ഇത് സംബന്ധിച്ച് മറ്റ് തരത്തിലുള്ള അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.**

### എം.ജി. പി.ജി. ഏകജാലകം മൂന്നാം അലോട്ട്മെന്റ്: ഓപ്ഷനുകൾ ഇന്ന് (ജൂലൈ 31) വൈകീട്ട് 5 മണിവരെ പുനഃക്രമീകരിക്കാം

**ആഗസ്റ്റ് മൂന്നിന് നടക്കുന്ന ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിന്റെ മൂന്നാം അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ ഇന്ന് വൈകുന്നേരം അഞ്ച് മണി വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്തുവാൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂട്ടതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് മൂന്നാം അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നപക്ഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബ്ബന്ധമായും പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്ട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. ഒന്നും രണ്ടും അലോട്ട്മെന്റിൽ സ്ഥിരപ്രവേശം നേടിയിട്ടുള്ളവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല.**

പ്രാക്ടിക്കൽ

**2018 ജൂൺ/ജൂലൈ മാസങ്ങളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ എം.എ. ഭരതനാട്യം, മോഹിനിയാട്ടം (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 8 മുതൽ 14 വരെ ആർ.എൽ.വി. കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.**

വൈവാവോസി

**2018 മാർച്ച് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ വൈവാവോസി ആഗസ്റ്റ് 7 മുതൽ 9 വരെ എറണാകുളം ഗവ. ലോ കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.**

പരീക്ഷാഫലം

**2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. സോഷ്യോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം.**

**2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. തമിഴ് (സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം.**

**2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം.**

**പെൻഷൻകാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

**(ദയവായി എല്ലാ എഡിഷനുകളിലും)**

കേരള സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനായി സർവ്വകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാർക്കും, കുടുംബ പെൻഷൻകാർക്കും പേരുവിവരങ്ങൾ employee.mgu.ac.in എന്ന വെബ്സൈറ്റിലെ Pensioners Portalൽ ആഗസ്റ്റ് 8 വരെ നൽകാവുന്നതാണ്. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിലെ Pensioners Portal എന്ന ലിങ്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2733305.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**